# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2343 — 18/06/2014-ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ദൗർലഭ്യം

ചോദ്യം

ശ്രീ. സി. ദിവാകരൻ

മറുപടി

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ വൻതോതിൽ അവശ്യമരുന്നുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ? | (എ) | സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം ലഭ്യമാണ്. എന്നാൽ ജീവിതശൈലീ രോഗങ്ങൾക്ക് വേണ്ട ചില മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. സ്റ്റോക്ക് കുറവുള്ള മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ അടിയന്തിരമായി വാങ്ങാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായി താലൂക്ക്, ജില്ലാ ആശുപത്രികളിലെയും ജനറൽ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഹോസ്പിറ്റൽ സൂപ്രണ്ടുമാർക്ക് "രാഷ്ട്രീയ സ്വസ്ത് ബീമാ യോജന" (RSBY) ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കുറവുള്ള മരുന്ന് വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ സൂപ്രണ്ടുമാരോട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മെഡിക്കൽ സ്റ്റോർ, ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി നടത്തി വരുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ മരുന്ന് ലഭ്യമാണെങ്കിൽ ആയതു മുഖേന മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. മേൽ സ്ഥാപനങ്ങളിൽ മരുന്ന് ഇല്ലെങ്കിൽ മാത്രമേ ഓപ്പൺ ക്വട്ടേഷൻ പ്രകാരം മരുന്ന് വാങ്ങാവൂ എന്നും ഇത് പരിശോധിക്കുന്നതിനായി ഹോസ്പിറ്റൽ സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട്, ആശുപത്രിയിലെ ഏതെങ്കിലും വകുപ്പ് മേധാവി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. RSBY ഫണ്ടിന് പുറമേ ക്ഷാമമുള്ള മരുന്ന് പ്രാദേശിക മായി വാങ്ങുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് രണ്ട് കോടി രൂപയും, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 1 കോടി രൂപയും അതാത് വകുപ്പുകളുടെ നോൺ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2014-15 വർഷത്തെ മരുന്ന് സംഭരണത്തിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകിക്കഴിഞ്ഞു. കമ്പനികൾ മരുന്നുകൾ ലഭ്യമാക്കി തുടങ്ങിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ